**TRACK - 7**


**S ദാനിയേൽ സമ്പത്ത് കുമാർ**
No: 147- തിരുനിലയ് കോളനി
വെച്ചൂർ PO, ചെന്നൈയ് - 6000103.






**S.DANIEL SAMPATH KUMAR**

*No. 147, Thirunilai colony ,*
*vichoor post , chennai - 600 103*

*E-Mail : sdanielsampathkumar@gmail.com*
*Website : danielendtimebooksministry.org*
*Phone No :* 99419 74213 , 96001 71260


MALAYALAM

# The Spoken Word

by

*WILLIAM MARRION BRANHAM*

## യേശുക്രിസ്തു ദൈവമാകുന്നു

**(JESUS CHRIST IS GOD)**

**അരുളിച്ചെയ്ത വചനമത്രെ യഥാർത്ഥ വിത്ത്**

ദൈവത്തിൻെറ വചനം പ്രവാചകനായ വില്ല്യം മാരിയൻ ബ്രൺഹാമിൻെറ അടുക്കൽ വന്നു.

# യേശുക്രിസ്തു ദൈവമാകുന്നു

## (JESUS CHRIST IS GOD)

അപ്പോൾ വെളിപ്പാടു ഇതാണ് : യേശുക്രിസ്തു തന്നെ ദൈവം. പഴയ നിയമത്തിലെ യഹോവയാണു പുതിയ നിയമത്തിലെ യേശു. നിങ്ങൾ എത്ര കാര്യമായി പരിശ്രമിച്ചെന്നാലും അതിൽ കാര്യമില്ല, മൂന്നു ദൈവങ്ങളുണ്ടെന്നു തെളിയിക്കുവാൻ നിങ്ങൾക്കു സാധിക്കയില്ല. അവൻ ഒന്നു തന്നെയാണെന്നു മനസ്സിലാക്കുന്നതിനു പരിശുദ്ധാത്മാവിൻെറ വെളിപ്പാടു നിങ്ങൾക്കു ലഭിക്കണം. പഴയ നിയമത്തിലെ യഹോവ തന്നെയാണു പുതിയ നിയമത്തിലെ യേശുവെന്നു ഗ്രഹിക്കുന്നതിനും ഒരു വെളിപ്പാടു നിങ്ങൾക്കു ആവശ്യമാണ്. സാത്താൻ സഭയിൽ കടന്നുകൂടി ഈ സത്യം ജനങ്ങൾ കാണാതിരിക്കത്തക്കവണ്ണം അവൻ അവരുടെ കണ്ണുകൾ കുരുടാക്കിയിരിക്കുന്നു. അവർ അങ്ങനെ അന്ധരാക്കപ്പെട്ടപ്പോൾ റോമൻ സഭ യേശുക്രിസ്തുവിൻെറ നാമത്തിലുള്ള സ്നാനം നിർത്തലാക്കി.

ദൈവവചനത്തെതന്നെ വൈകൃതപ്പെടുത്തി അതിൻെറ അർത്ഥം മാറ്റിക്കൊണ്ടിരിക്കുന്നവരുടേതായ ഈ കാലത്തിൽ ജീവിക്കുന്ന നമുക്കു ദൈവത്തെക്കുറിച്ചുള്ള സത്യം ഗ്രഹിക്കുന്നതിനു

പരിശുദ്ധാത്മാവിൻെറ വെളിപ്പാടു തന്നെ കിട്ടണം. ജയം പ്രാപിക്കുന്നതായ സഭ വെളിപ്പാടിൻമേൽ പണിയപ്പെട്ടിരിക്കുന്നതിനാൽ ദൈവത്തെ സംബന്ധിക്കുന്ന എല്ലാ സത്യങ്ങളും ദൈവം നമുക്കു വെളിപ്പെടുത്തിത്തരുമെന്നു പ്രതീക്ഷിക്കാം. എന്നാൽ ജലത്തിലുളള മുങ്ങി സ്നാനത്തെക്കുറിച്ചുളള വെളിപ്പാടു കിട്ടേണ്ടതായ ആവശ്യം യഥാർത്ഥത്തിൽ നമുക്കില്ല. എന്തു കൊണ്ടെന്നാൽ അതിനെക്കുറിച്ചു ദൈവവചനം വളരെ വ്യക്തമായി നമുക്കു വെളിപ്പെടുത്തിത്തരുന്നുണ്ട്. കർത്താവു തന്നെ നേരിട്ടു നല്കിയ, ''പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറ നാമത്തിൽ'' സ്നാനം കഴിപ്പിക്കുന്നതിനുളള കല്പനയെ തളളിക്കളഞ്ഞിട്ടു മന:പൂർവ്വം കർത്താവിൻെറ കല്പനയോടു അനുസരണക്കേടു കാണിക്കുന്നതിനു അപ്പൊസ്തലൻമാർക്കു കഴിയുമോ? ആ 'നാമം'. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമം, 'യേശു ക്രിസ്തു' എന്നാണെന്നു അവർക്കറിയാമായിരുന്നതിനാൽ ആ നാമത്തിൽ അവർ ജനങ്ങളെ സ്നാനം കഴിപ്പിച്ചു. കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിലല്ലാതെ മറ്റൊരു നാമത്തിൽ അവർ സ്നാനം കഴിപ്പിച്ചതായി ബൈബിളിൽ ഒരിടത്തും കാണുന്നില്ല. യഥാർത്ഥമായ സഭയുടെ ക്രിയകളെ പ്രതിപാദിക്കുന്നതാണു അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം. അതിനാൽ, അപ്പൊസ്തലർ ആ വിധത്തിൽ സ്നാനം കഴിപ്പിച്ചുവെങ്കിൽ നാമും അപ്രകാരംതന്നെ സ്നാനം കഴിപ്പിക്കേണ്ടതാണ് എന്ന കാര്യം സാമാന്യ ബുദ്ധികൊണ്ടു മനസ്സിലാക്കാവുന്നതേയുളളു. അതു നിങ്ങൾക്കു കഠിനമാണെന്ന് തോന്നിയാൽ ഇതിനെക്കുറിച്ചു നിങ്ങൾ എന്തു വിചാരിക്കുന്നു. കർത്താവായ യേശുവിൻെറ നാമത്തിൽ സ്നാനം ഏല്ക്കാതിരുന്നവർ ആ നാമത്തിൽ വീണ്ടും സ്നാനം ഏൽക്കേണ്ടത് ആവശ്യമായിരുന്നു.

അപ്പൊ. പ്രവൃ. 19:1-6. ''അപ്പൊല്ലൊസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൌലൊസ് ഉൾപ്രദേശങ്ങളിൽകൂടി സഞ്ചരിച്ചു

സമയത്തിൻെറ കാലത്തിൽ വെളിച്ചം തിരികെ വന്നു കൊണ്ടിരിക്കുന്നു. യഹൂദൻമാർ പാലസ്തീനിലേക്കു മടങ്ങിപ്പൊയ്ക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഈ സത്യവും നമുക്കു വന്നുചേർന്നു എന്നുള്ളത് എത്രമാത്രം എടുത്തു പറയത്തക്ക ഒരു കാര്യമായിരിക്കുന്നു! ദൈവവും ക്രിസ്തുവും ഒന്നാണ്. ഈ യേശു തന്നെ കർത്താവും ക്രിസ്തുവും.

യോഹന്നാനു വെളിപ്പാടുണ്ടായിരുന്നു, യേശു തന്നെ ആയിരുന്നു വെളിപ്പാട്. അവൻ തന്നെ ഇതാ ഇവിടെ തിരുവചനത്തിലും അതു വെളിപ്പെടുത്തിയിരിക്കുന്നു - ''ഞാൻ ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായ സർവ്വശക്തിയുള്ള കർത്താവു ആകുന്നു.'' ആമേൻ.

ഇതെക്കുറിച്ചുള്ള വെളിപ്പാടു നിങ്ങൾക്കില്ലെങ്കിൽ ദൈവത്തോടു അതിനായി അപേക്ഷിക്കുകയും അതു അന്വേഷിക്കുകയും ചെയ്യുക. അതു മാത്രമാണ് നിങ്ങൾക്കു അതു ലഭിക്കുന്നതിനുള്ള ഏക വഴി. വെളിപ്പാടു ദൈവത്തിൽ നിന്നു വരേണം. അതു ഒരിക്കലും മാനുഷികമായ, പ്രകൃത്യാലുള്ള കഴിവുകളാലല്ല നമുക്കു ലഭ്യമാകുന്നത്. അതു ആത്മീകമായ ഒരു ദാനമാണ് നിങ്ങൾക്കു ഒരുപക്ഷെ വേദവാക്യങ്ങൾ മന:പാഠമാക്കുവാൻ കഴിഞ്ഞേക്കാം. അതു അത്ഭുതകരമായ ഒന്നു തന്നെ. എന്നാൽ അതുകൊണ്ടു കാര്യമില്ല. ദൈവത്തിൽ നിന്നുള്ള വെളിപ്പാടു ആ വചനങ്ങളെക്കുറിച്ചു നിങ്ങൾക്കു കിട്ടണം. തിരുവചനം പറയുന്നത് പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവെന്നു പറയുവാൻ ആർക്കും കഴിയുകയില്ല എന്നാണ് (1. കൊരി. 12:6). ആദ്യമായി നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിക്കേണം. എങ്കിൽ മാത്രമേ യേശു കർത്താവാണെന്നും ദൈവമാണെന്നും അഭിഷിക്തനാണെന്നും ഉള്ള വെളിപ്പാടു ആത്മാവു നിങ്ങൾക്കു നല്കുകയുള്ളൂ;



എഫെസൊസിൽ എത്തി ചില ശിഷ്യൻമാരെ കണ്ടു നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്നു അവരോടു ചോദിച്ചതിന്നു: പരിശുദ്ധാത്മാവു ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്നു അവർ പറഞ്ഞു. എന്നാൽ ഏതായിരുന്നു നിങ്ങളുടെ സ്നാനം എന്നു അവൻ അവരോടു ചോദിച്ചതിന്നു: യോഹന്നാൻെറ സ്നാനം എന്നു അവർ പറഞ്ഞു. അതിന്നു പൌലൊസ് : യോഹന്നാൻ മാനസാന്തരസ്നാനമത്രേ കഴിപ്പിച്ചു തൻെറ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കേണം എന്നു ജനത്തോടു പറഞ്ഞു. ഇതു കേട്ടപാടെ അവർ കർത്താവായ യേശുവിൻെറ നാമത്തിൽ സ്നാനം ഏറ്റു. പൌലൊസ് അവരുടെ മേൽ കൈ വെച്ചപ്പോൾ പരിശുദ്ധാത്മാവു അവരുടെ മേൽ വന്നു അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു'' അതാണു യാഥാർത്ഥ്യം. എഫെസൊസിലുണ്ടായിരുന്ന ആ നല്ലവരായ ആളുകൾ മശീഹയുടെ വരവിനെക്കുറിച്ചു കേട്ടിരുന്നു. യോഹന്നാൻ അവനെക്കുറിച്ചു പ്രസംഗിച്ചിട്ടുമുണ്ടായിരുന്നു. യേശുക്രിസ്തുവിൻെറ വരവിൽ വിശ്വസിച്ചുകൊണ്ടു അവർ യോഹന്നാനാൽ മാനസാന്തര സ്നാനമേറ്റു. എന്നാൽ ഇപ്പോൾ യേശുക്രിസ്തുവിൽ വിശ്വസിക്കേണ്ട സമയമായിരിക്കുന്നുവെന്നു പൌലോസ് അവരോടു പറഞ്ഞപ്പോൾ അവർ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏല്ക്കുവാൻ തയ്യാറായി. പൌലൊസ് അവരെ വീണ്ടും പാപമോചനത്തിനായുള്ള സ്നാനം കഴിപ്പിച്ചു. പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനുള്ള സമയമായിരുന്നു അത്. അവർ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏറ്റതിനുശേഷം പൌലൊസ് അവരുടെ മേൽ കൈവെച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു.

ഓ, എഫെസൊസിലെ പ്രിയപ്പെട്ടവരും നല്ലവരുമായ ആ ആളുകളെപ്പോലെ സ്വന്തരക്ഷയെക്കുറിച്ചു ചിന്തയുണ്ടായിരുന്നവരെല്ലാം അതുപോലെ തന്നെ സ്നാനം ഏറ്റിട്ടുണ്ട്. ആ എഫെസൊസുകാർ എത്രമാത്രം രക്ഷയോടു അടുത്തായിരുന്നു. മശീഹയുടെ

വരവു അവർ വിശ്വസിച്ചിരുന്നു. അവനെ സ്വികരിക്കാൻ അവർ എപ്പോഴും തയ്യാറായിരുന്നു. എന്നിട്ടും അവർക്കു അവനെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവൻ വരികയും പോകയും ചെയ്തു എന്നിട്ടും അവർക്കതു കാണാൻ കഴിഞ്ഞില്ല. അവർ യേശു ക്രിസ്തുവിൻെറ നാമത്തിൽ സ്നാനമേൽക്കേണ്ടതു ആവശ്യ മായിരുന്നു. പരിശുദ്ധാത്മാവിനാൽ അവർ നിറയപ്പെടേണ്ടതു ആവശ്യമായിരുന്നു.

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനമേറ്റിട്ടുണ്ടെങ്കിൽ ദൈവം നിങ്ങളേയും തൻെറ പരിശുദ്ധാ ത്മാവിനാൽ നിറയ്ക്കും. അങ്ങനെ തിരുവചനം പറയുന്നു. അപ്പൊ സ്തലപ്രവൃത്തികൾ 19:6-ൽ നാം വായിക്കുന്നതു അപ്പൊ. പ്രവൃ. 2:38-ൻെറ നിറവേറലാണ്. ''നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശു ക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും'' നോക്കുവിൻ പരിശുദ്ധാ ത്മാവ് നിറഞ്ഞവനായി പത്രൊസ് പറഞ്ഞതു എന്താണോ അതു തന്നെ പൗലൊസും പരിശുദ്ധാത്മാവിനാൽ പറയുന്നു. പരിശുദ്ധാ ത്മാവു പറഞ്ഞ ഒരു കാര്യം മാറ്റുന്നതിനു ഒരിക്കലും സാദ്ധ്യമല്ല. ആ പെന്തക്കോസ്തുനാൾ മുതൽ അന്ത്യകാലത്തെ ഏറ്റവും ഒടു വിലത്തെ തിരഞ്ഞെടുക്കപ്പെട്ടവൻ സ്നാനം ഏല്പിക്കുന്നതുവരെ ആ കാര്യം അങ്ങനെ തന്നെ ആയിരിക്കയും ചെയ്യും. ''എന്നാൽ ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു വേറൊരു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ'' (ഗലാ. 1:8).

ചില ഏകത്വ (Oneness) വിശ്വാസികൾ തെറ്റായ വിധത്തിൽ സ്നാനം കൊടുക്കുന്നു. പുനർജ്ജനനത്തിനായിട്ടാണു അവർ സ്നാനപ്പെടുത്തുന്നത്, വെള്ളത്തിലുള്ള മുങ്ങിസ്നാനം അവരെ രക്ഷിക്കും എന്നവർ വിശ്വസിക്കുന്നു. പുനർജ്ജനനം വെള്ളം



ഞാൻ അദ്ദേഹത്തോടു പറഞ്ഞു, ''അങ്ങനെയല്ല റബ്ബീ, ഞങ്ങൾ ദൈവത്തെ മൂന്നു കഷണങ്ങളാക്കി മുറിക്കുന്നില്ല. നിങ്ങൾ പ്രവാചകൻമാരിൽ വിശ്വസിക്കുന്നില്ലേ?''

അദ്ദേഹം പറഞ്ഞു, ''തീർച്ചയായും ഞാൻ വിശ്വസിക്കുന്നു.''

'യെശയ്യാവു 9:6 നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?''

''വിശ്വസിക്കുന്നു''

'ആരെക്കുറിച്ചാണു പ്രവാചകൻ അവിടെ പറയുന്നത്?''

''മശീഹയെക്കുറിച്ച്''

ഞാൻ ചോദിച്ചു ''മശീഹക്ക് ദൈവവുമായി എന്താണു ബന്ധം?''

അദ്ദേഹം പറഞ്ഞു, ''അവൻ ദൈവമായിരിക്കും''

ഞാൻ പറഞ്ഞു, ''അതു ശരിതന്നെയാണ്,'' ആമേൻ.

ദൈവത്തെ നിങ്ങൾക്കു മൂന്നു വ്യക്തികളാക്കുവാൻ അല്ലെ ങ്കിൽ മൂന്നു അംശങ്ങളാക്കുവാൻ സാധിക്കയില്ല. നിങ്ങൾക്കു ഒരു യഹൂദനോടു ഒരു പിതാവും ഒരു പുത്രനും ഒരു പരിശുദ്ധാത്മാവും ഉണ്ടെന്നു പറയുവാൻ കഴിയുകയില്ല. ആ ആശയം നിങ്ങൾക്കു എവിടെ നിന്നാണു കിട്ടിയതെന്നു അവൻ പെട്ടെന്നു തന്നെ പറഞ്ഞു തരും. യഹൂദനു അറിയാം ഈ വിശ്വാസപ്രമാണം നൈസിയ (നിഖ്യ) സമിതിയിൽ വെച്ചാണു രൂപം കൊണ്ടതെന്ന്. അവർ നമ്മെ ദൈവ വിശ്വാസമില്ലാത്ത ജാതികൾ എന്നു പുച്ഛത്തോടെ വിളിക്കുന്ന തിൽ അത്ഭുതമില്ല.

മാറ്റമില്ലാത്ത ഒരു ദൈവത്തെക്കുറിച്ചാണ് നാം പറഞ്ഞു കൊണ്ടിരിക്കുന്നത്. യഹൂദനും ദൈവം മാറ്റമില്ലാത്തവൻ എന്നു വിശ്വസിക്കുന്നു. എന്നാൽ സഭ ആ മാറ്റമില്ലാത്ത ദൈവത്തെ ഒന്നിൽ നിന്നു മൂന്നാക്കി മാറ്റിയിരിക്കയാണ്. എന്നാൽ ഈ സന്ധ്യാ

ഞാൻ ചോദിച്ചു, ''ആ രീതിയലല്ല ഞാൻ പറഞ്ഞത്? അവൾ ചോദിച്ചു, 'ദയവായി വിശദീകരിച്ചു തരുമോ?'' ഞാൻ അവളോടു ചോദിച്ചു, 'നിങ്ങൾക്കു ഇപ്പോൾ എന്നെ കാണാമോ?''

അവൾ പറഞ്ഞു, 'കാണാം.'

ഞാൻ ചോദിച്ചു, ''നിങ്ങൾ എന്റെ ഭാര്യയേയും കാണുന്നുണ്ടോ?''

അവൾ പറഞ്ഞു, ''ഇല്ല''.

ഞാൻ പറഞ്ഞു, ''അപ്പോൾ ആ ഏകത്വം വ്യത്യസ്ത തരത്തിലുള്ളതാണ്, എന്തുകൊണ്ടെന്നാൽ അവൻ പറഞ്ഞിട്ടുണ്ട്, നിങ്ങൾ എന്നെ കാണുമ്പോൾ എന്റെ പിതാവിനെ കാണുന്നു.''

പ്രവാചകൻ പറഞ്ഞു, സന്ധ്യാസമയത്തോ വെളിച്ചമാകും. കീർത്തനങ്ങളിൽ ഇപ്രകാരം എഴുതിയിരിക്കുന്നു :

*സന്ധ്യാസമയത്തോ വെളിച്ചമായിടും*
*മഹിമതൻ വഴി നിങ്ങൾ കണ്ടെത്തും*
*യേശുവിൻ നാമത്തിൽ ജലത്താൽ മൂടപ്പെടും*
*ആ വഴിതന്നെ, ഈ കാലത്തിൻ വെളിച്ചം.*
*യുവാക്കളും വൃദ്ധരുമായുള്ളോരേ*
*ഏറ്റു പറയുവിൻ നിങ്ങൾ തൻ പാപങ്ങൾ*
*പരിശുദ്ധാത്മാഭിഷേകം ലഭിച്ചിടും*
*സന്ധ്യാവെളിച്ചം വന്നല്ലോ*
*ദൈവവും ക്രിസ്തുവും ഒന്നാണെന്നുള്ളതു സത്യമേ.*

കുറെ നാളുകൾക്കുമുമ്പു ഞാനൊരു യഹൂദ റബ്ബിയുമായി സംസാരിക്കുകയായിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു, ''ദൈവത്തെ മൂന്നു കഷണങ്ങളാക്കി മുറിച്ചു ഒരു യഹൂദനു നല്കുവാൻ ജാതികളായ നിങ്ങൾക്കു സാദ്ധ്യമല്ല. ഞങ്ങൾക്കു ആ കാര്യം നിങ്ങളേക്കാൾ നന്നായറിയാം.''



മുഖാന്തരമല്ല കൈവരുന്നത്; അതു പരിശുദ്ധാത്മാവിന്റെ ഒരു ക്രിയയാണ്. ''നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ'' എന്നു പരിശുദ്ധാത്മാവു നിറഞ്ഞു കല്പന നല്കിയ മനുഷ്യൻ ജലം പുനർജ്ജനനം നല്കുമെന്നു പറഞ്ഞിട്ടില്ല. സ്നാനം എന്നതു ദൈവത്തോടുള്ള നല്ല മനസ്സാക്ഷിയുടെ തെളിവാണ് എന്നത്രേ അവൻ പറഞ്ഞിരിക്കുന്നത്. ''സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു (1. പത്രൊ. 3:21) ഞാൻ അതു പൂർണ്ണമായും വിശ്വസിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലല്ലാതെ മറ്റേതെങ്കിലും വിധത്തിലുള്ള ജലസ്നാനമായിരുന്നു അതെന്നു ചരിത്രപരമായി തെളിയിക്കാമെന്നു ആർക്കെങ്കിലും ഒരു തെറ്റായ ധാരണയുണ്ടെങ്കിൽ ഞാനവരെ ഉപദേശിക്കട്ടെ, നിങ്ങൾ തന്നെ ചരിത്രം പഠിച്ചു അതെക്കുറിച്ചുള്ള സത്യം നിങ്ങൾതന്നെ കണ്ടു പിടിക്കുക എന്ന്. ഏ.ഡി. 100-ാം ആണ്ടിൽ റോമിൽ നടന്ന ഒരു സ്നാനത്തെക്കുറിച്ചുള്ള യഥാർത്ഥ വിവരണം 1955, ഡിസംബർ 5-ാം തിയ്യതിയിലെ ടൈം മാസികയിൽ (Time Magazine) ശരിപ്പകർപ്പായി പ്രസിദ്ധീകരിച്ചിരുന്നതു താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരുന്നു.

''ശുശ്രൂഷകൻ കൈയ്യുയർത്തി, പുബ്ളിയസ് ഡേഷിയസ് (Publius Dacius) എന്നയാൾ സ്നാനത്തിനുള്ള വാതിലിലൂടെ കടന്നു. അരയോളം വെള്ളത്തിൽ മാർക്കസ് വാസ്ക (Marcus Vasca) എന്നയാൾ കാത്തു നിന്നിരുന്നു. പുബ്ളിയസ് വെള്ളത്തിലൂടെ പതുക്കെ നടന്നു തന്നെ സമീപിച്ചപ്പോൾ മാർക്കസ് ചോദിച്ചു, നീ വിശ്വസിക്കുന്നുവോ?'' പുബ്ലിയസ് പറഞ്ഞു, 'ഞാൻ വിശ്വസിക്കുന്നു. എന്റെ രക്ഷ യേശുക്രിസ്തുവിലൂടെ വരുന്നു എന്നു ഞാൻ

വിശ്വസിക്കുന്നു; അവൻ പൊന്തിയോസ് പീലാത്തോസിൻെറ കീഴിൽ ക്രൂശിക്കപ്പെട്ടു, അവനോടൊപ്പം എനിക്കു നിത്യജീവൻ ലഭിക്കേണ്ടതിനായി ഞാനും അവനോടൊപ്പം മരിച്ചു''. പിന്നീടു കരുത്തുള്ള കൈകൾ അവനെ താങ്ങുന്നതായും വെള്ളത്തിൽ പിന്നോക്കം വീണു മുങ്ങുന്നതിനു അവനെ സഹായിക്കുന്നതായും അവനു അനുഭവപ്പെട്ടു. തണുത്ത ജലം അവൻെറമേൽ കവിഞ്ഞു കൊണ്ടിരുന്നപ്പോൾ മാർക്കസിൻെറ ശബ്ദം അവൻ ഇപ്രകാരം കേട്ടു, 'ഞാൻ നിന്നെ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനപ്പെടുത്തുന്നു.''

ഈ സത്യം നിഖിയ (Nicea  നിസിയ എന്നു പറയും) സമിതിയിൽ വെച്ചു സഭക്കു നഷ്ടമാകുന്നതുവരെ (ആ സത്യം ഈ നൂറ്റാണ്ടിൻെറ ആരംഭംവരെ സഭക്കു തിരികെ കിട്ടിയതുമില്ല) അവർ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം കഴിപ്പിച്ചുപോന്നു. ഇപ്പോൾ അതു തിരികെ വന്നിരിക്കുന്നു. പരിശുദ്ധാത്മാവു തൻെറ വെളിപ്പാടു നല്കുമ്പോൾ സാത്താനു അതു മൂടിവെക്കുവാൻ സാധിക്കയില്ല.

മൂന്നു ദൈവങ്ങൾ ഉണ്ടെങ്കിൽ തീർച്ചയായും പിതാവിൻെറ നാമത്തിലും, പുത്രൻെറ നാമത്തിലും, പരിശുദ്ധാത്മാവിൻെറ നാമത്തിലും നിങ്ങൾ സ്നാനം കഴിപ്പിക്കുക തന്നെ വേണം. എന്നാൽ യോഹന്നാനു ലഭിച്ച വെളിപ്പാടു ഒരു ദൈവം മാത്രമേയുള്ളുവെന്നും അവൻെറ പേർ കർത്താവായ യേശുക്രിസ്തു ആകുന്നു എന്നുമാണ്. അതിനാലാണ് നാം ആ ഏകദൈവത്തിൻെറ നാമത്തിൽ സ്നാനം കഴിപ്പിക്കുന്നത്. അതുകൊണ്ടാണു പെന്തക്കോസ്തുനാളിൽ പത്രോസ് അപ്രകാരം സ്നാനം കഴിപ്പിച്ചത്. പത്രോസിനു തനിക്കു ലഭിച്ച വെളിപ്പാടിനോടു സത്യസന്ധനായിരിക്കണമായിരുന്നു. ''ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞു



കൊള്ളട്ടെ'' (അപ്പൊ. പ്രവൃ. 2:36). കർത്താവും ക്രിസ്തുവും, അതാണു കർത്താവായ യേശുക്രിസ്തു.

യേശു കർത്താവും ക്രിസ്തുവുമാണെങ്കിൽ അവൻ (യേശു) തന്നെയാണ്, 'പിതാവും പുത്രനും, പരിശുദ്ധാത്മാവും', അല്ലാതെ മറ്റാരുമല്ല. അവൻ തന്നെയാണു ജഡത്തിൽ വെളിപ്പെട്ട ഒരേ ഒരുവൻ. അതു ദേവത്രിയേകഭാഗ്യ ത്രിത്വം (God in Three Persons Blessed Trinity) അല്ലേ അല്ല. അതു മൂന്നു പ്രധാന സ്ഥാനനാമങ്ങളിൽ (titles) മൂന്നു പദവികളുള്ള (Offices) ഏക ദൈവവും ഏക വ്യക്തിയുമാണ്. ഒരിക്കൽകൂടി പറയട്ടെ, ഈ യേശുതന്നേ കർത്താവും ക്രിസ്തുവും. കർത്താവും (പിതാവ്) ക്രിസ്തുവും (പരിശുദ്ധാത്മാവ്) യേശു തന്നെ, എന്തുകൊണ്ടെന്നാൽ അവൻ യേശു എന്ന ഏക വ്യക്തിതന്നെ. അവൻ രണ്ടും ആയിരിക്കുന്നു - കർത്താവും ക്രിസ്തുവും.

ഇതു ദൈവത്വത്തെ (Godhead) ക്കുറിച്ചുള്ള യഥാർത്ഥമായ വെളിപ്പാടു നല്കുന്നില്ലെങ്കിൽ മറ്റു യാതൊന്നും തന്നെ അതു നല്കുകയില്ല. കർത്താവു വേറെ ഒരുവനല്ല. ക്രിസ്തു വേറൊരു വ്യക്തിയുമല്ല, യേശുതന്നെയാണു കർത്താവായ യേശുക്രിസ്തു എന്ന ഏക ദൈവം.

ഫിലിപ്പൊസ് ഒരു ദിവസം യേശുവിനോടു, ''കർത്താവേ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം എന്നാൽ ഞങ്ങൾക്കു മതി'' എന്നു പറഞ്ഞു. യേശു അവനോടു, ''ഞാൻ ഇത്രയുംകാലം നിങ്ങളോടു കൂടെയിരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസെ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു, പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം എന്നു നീ പറയുന്നതു എങ്ങനെ?'' എന്നു പറഞ്ഞു. ''ഞാനും പിതാവും ഒന്നാകുന്നു'' എന്നും യേശു പറഞ്ഞിട്ടുണ്ട് (യോഹ. 10:30). ഒരിക്കൽ ഞാനിതു പറഞ്ഞപ്പോൾ ഒരു മാന്യസ്ത്രീ എന്നോടു ചോദിച്ചു, ''ഒരു നിമിഷം നിൽക്കണേ സഹോദരൻ ബ്രൺഹാം നിങ്ങളും നിങ്ങളുടെ ഭാര്യയും ഒന്നാണോ?''